കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2018-19

**കേരള സംസ്ഥാന ഓഡിറ്റ് കൊല്ലം ജില്ലാ**

**സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം**

**e-mail:doklm.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ.കെ.എൽ.എം.പി.5/317/2020

കേരള സംസ്ഥാന ഓഡിറ്റ്
ജില്ലാ ഓഡിറ്റ് കാര്യാലയം

കൊല്ലം ജില്ല

തീയതി.22/05/2020

**ഡെപ്യൂട്ടി ഡയറക്ടർ**

**പ്രസിഡന്റ് (സെക്രട്ടറി മുഖേന)**

ആദിച്ചനല്ലൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

**ഡെപ്യൂട്ടി ഡയറക്ടർ**

പകർപ്പ് :

1. കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത്, ഡെപ്യൂട്ടി ഡയറക്ടർ
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ.കെ.എൽ.എം.പി5/317/2020,        തിയതി : 22/05/2020

**<u>കൊല്ലം ജില്ലയിലെ ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>**

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

കൊല്ലം ജില്ലയിലെ ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01.10.2018 മുതൽ 31.12.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**<u>(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>**

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. സൈമൺ കെ, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24.01.2020 മുതൽ 03.02.2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. മനു കെ നായർ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. സുബി എസ്സ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. ജൂഡിറ്റ് വർഗ്ഗീസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. അനു കെ ആനന്ദ് | ഓഡിറ്റർ |

**<u>(ബി) നിർവ്വഹണാധികാരികൾ</u>**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.എൻ.അജയകുമാർ | 01.04.2018 മുതൽ 04.07.2018 വരെ |
| | ശ്രീ.എം.സുരേഷ് | 05.07.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ.ബിജു.സി.നായർ | 01.04.2018 മുതൽ 31.03.2019 വരെ |
| <u>നിർവ്വഹണ ഉദ്യോഗസ്ഥർ</u> | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.രാധാകൃഷ്ണപിള്ള | 01.04.2018 മുതൽ 21.06.2018 വരെ |
| | ശ്രീമതി.ലത എ | 22.06.2018 മുതൽ 07.10.2018 വരെ |
| | ശ്രീ.അൻവർ റഹ്മാൻ | 08.10.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ബിന്ദു ബി | 01.04.2018 മുതൽ 16.06.2018 വരെ |
| | ഒഴിവ് | 17.06.2018 മുതൽ 19.06.2018 വരെ |
| | ശ്രീ.അജയകുമാർ | 20.06.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.രശ്മി ആർ ചന്ദ്രൻ | 01.04.2018 മുതൽ 20.06.2018 വരെ |

| | | |
|---|---|---|
| | ഡോ.ഗാഥാ ജി | 21.06.2018 മുതൽ 02.12.2018 വരെ |
| | ഡോ.മനോജ് | 03.12.2018 മുതൽ 31.09.2019 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ. ഡി മനോജ് | 01.04.2018 മുതൽ 19.07.2018 വരെ |
| | ഒഴിവ് | 20.07.2018 മുതൽ 21.07.2018 വരെ |
| | ഡോ. സിമി സാരംഗ് | 22.07.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ. വിനോദ് ആർ എസ് | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി. അഷിയോ എം ദാസ് | 01.04.2018 മുതൽ 31.03.2019 വരെ |
| എച്ച്.എം | ശ്രീ ബാബു സി | 01.04.2018 മുതൽ 31.05.2018 വരെ |
| | ശ്രീ. ആദർശ് ജി എസ് | 01.06.2018 മുതൽ 31.03.2019 വരെ |
| അസി. എഞ്ചിനീയർ | ശ്രീമതി. ബിന്ദു ബി | 01.04.2018 മുതൽ 16.06.2018 വരെ |
| | ഒഴിവ് | 17.06.2018 മുതൽ 19.06.2018 വരെ |
| | ശ്രീ. അജയകുമാർ | 20.06.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീ. പ്രദീപ് കുമാർ ആർ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ പി എച്ച് സി | ഡോ. ഷേർലി സി എം | 01.04.2018 മുതൽ 21.11.2018 വരെ |
| | ഡോ. വിനോദ് എൻ ബി | 22.11.2018 മുതൽ 09.01.2019 വരെ |
| | ഡോ.ഷേർലി സി എം | 10.01. 2019മുതൽ 01.03.2019 വരെ |
| | ഡോ.വീണാ രാജ് | 02.03.2019 മുതൽ 31.03.2019 വരെ |
| വി ഇ ഒ മൈലക്കാട് സർക്കിൾ | ശ്രീ. സുജിത്ത് എസ് | 01.04.2018 മുതൽ 31.03.2019 വരെ |
| വി ഇ ഒ കൊട്ടിയം സർക്കിൾ | ശ്രീമതി.പ്രതീക്ഷ സത്യൻ | 01.04.2018 മുതൽ 31.10.2018 വരെ |
| | ഒഴിവ് | 01.11.2018 മുതൽ 04.11.2018 വരെ |
| | ശ്രീമതി.രശ്മി എസ് | 05.11.2018 മുതൽ 28.02.2019 വരെ |
| | ശ്രീമതി.ശില്പ ഭദ്രൻ | 01.03.2019 മുതൽ 31.03.2019 വരെ |
| വി ഇ ഒ ആദിച്ചനല്ലൂർ സർക്കിൾ | ശ്രീമതി.കവിത ലക്ഷ്മി | 01.04.2018 മുതൽ 28.02.2019 വരെ |
| | ശ്രീമതി.രശ്മി എസ് | 01.03.2019 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ.സോണിയ വി എസ് | 01.04.2018 മുതൽ 09.10.2018 വരെ |
| | ഡോ.ഹരികുമാർ നമ്പൂതിരി | 10.10.2018 മുതൽ 31.10.2018 വരെ |
| | ഡോ.സോണിയ വി എസ് | 01.11.2018 മുതൽ 03.12.2018 വരെ |
| | ഡോ.ബിന്ദു വി | 04.12.2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**


| ക്രമ നം. | **ഭാഗം 1** | ഖണ്ഡിക നമ്പർ |
|---|---|---|
| | **ഓഡിറ്റ് റിപ്പോർട്ട്** | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |

| | | |
|---|---|---|
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | വസ്തുനികുതിയിൽ ബാധമായ വർദ്ധനവ് ഈടാക്കിയിട്ടില്ല | 1-12 |
| 13 | മരുന്നുകൾ ലഭ്യമായിട്ടില്ല | 1-13 |
| 14 | മരുന്നുകൾ, ഉപകരണങ്ങൾ ലഭ്യമായിട്ടില്ല | 1-14 |
| 15 | മഴക്കാല പൂർവ ശുചീകരണം-നടപടി പ്രവർത്തനങ്ങൾ തൃപ്തികരമല്ല | 1-15 |
| 16 | ക്വട്ടേഷൻ വിളിച്ചിട്ടില്ല | 1-16 |
| 17 | ലൈഫ് ഭവനപദ്ധതി- ആദ്യഗഡു വാങ്ങിയ വ്യക്തി ഭവന നിർമ്മാണം തുടങ്ങിയിട്ടില്ല | 1-17 |
| 18 | സ്ഥാപന തൊഴിൽ നികുതി അടവാക്കുന്നില്ല. | 1-18 |
| 19 | ട്രേഡേഴ്സ് ലിസ്റ്റ് കൃത്യമാക്കി സൂക്ഷിക്കുന്നില്ല. | 1-19 |
| 20 | റേറ്റ് കോൺട്രാക്ടിൽ ഇല്ലാത്ത ഇനം ടെൻഡർ നടപടി കൂടാതെ വാങ്ങി | 1-20 |
| 21 | സബ്സിഡി തുക തിരികെ വാങ്ങേണ്ടതാണ് | 1-21 |
| 22 | നാഷണൽ ഹൈവേ 66 അക്വയർ ചെയ്ത സ്ഥലത്ത് പദ്ധതിപ്പണം വിനിയോഗിച്ച് കെട്ടിടത്തിന്റ മെയിന്റനൻസ് നടത്തി | 1-22 |
| 23 | ബാരലിന്റെ വില കരാറുകാരനിൽ നിന്നും ഈടാക്കിയില്ല | 1-23 |
| 24 | ലാപ്പടോപ്പ് വിതരണത്തിലെ അപാകതകൾ | 1-24 |
| 25 | വസ്തു നികുതി ഈടാക്കുന്നതിൽ കുറവ് | 1-25 |
| 26 | ആദിച്ചനല്ലൂർ ഫാർമേഴ്സ് സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് - അനധികൃത നിർമ്മാണം ക്രമവത്ക്കരിച്ചിട്ടില്ല. | 1-26 |
| 27 | വസ്തുനികുതി അപാകതകൾ | 1-27 |
| | ഭാഗം 2 | |
| | **വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 28 | സ്ഥാപന തൊഴിൽ നികുതി അടവാക്കുന്നില്ല. | 2-1 |
| | ഭാഗം 3 | |
| | **ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 29 | മഴക്കാല പൂർവ ശുചീകരണം-നടപടി പ്രവർത്തനങ്ങൾ തൃപ്തികരമല്ല | 3-1 |
| | ഭാഗം 4 | |
| | **പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 30 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 31 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 32 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 34 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 35 | സ്ഥിര നിക്ഷേപം | 4-6 |

| | | |
|---|---|---|
| 36 | ഓഡിറ്റ് റിക്കവറി | 4-7 |
| 37 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 38 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 41 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം 1 |
| 42 | അനുബന്ധപത്രികകൾ | അനുബന്ധം 2 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

27.03.2018 തീയതിയിലെ 1/1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.19 | 16.05.19 | | |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 16013070 |
| വരവ് | 107320981 |
| ആകെ | 123334051 |
| ചെലവ് | 89675076 |
| നീക്കിയിരിപ്പ് | 33658975 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 20209000 | 20209000 | 14014186 | 6194814 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 10381000 | 10381000 | 10381000 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 220000 | 220000 | 0 | 220000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 8074000 | 8074000 | 6748706 | 1325294 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 4179000 | 4179000 | 4179000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 11504693 | 11504693 | 6325683 | 5179010 |
| സാക്ഷരത | | 27641 | 1244 | 28885 | 0 | 28885 |
| ദുരിതാശ്വാസനിധി | | 13214 | 18041 | 31255 | 0 | 31255 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 29004836 | 29004836 | 29004836 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 19112 | 575873 | 594985 | 584123 | 10862 |
| ജോയിന്റ് വെഞ്ചർ | ബ്ലോക്ക് | 30312 | 2924217 | 2954529 | 2335918 | 618611 |

| | | | | | | |
|---|---|---|---|---|---|---|
| അക്കൗണ്ട് | പഞ്ചായത്ത് | | | | | |
| | ജില്ലാ പഞ്ചായത്ത് | 0 | 1799621 | 1799621 | 1799621 | 0 |
| ബി ഫണ്ട് | | 0 | 872280 | 872280 | 872280 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 15193904 | 29697052 | 44890956 | 21390713 | 23500243 |
| | ട്രഷറി അക്കൗണ്ട് | 655871 | 31688970 | 32344841 | 23055779 | 9289062 |
| SSA ഫണ്ട് | | 2100 | 0 | 2100 | 0 | 2100 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 170 | 1164558026 | 125 | 64781432 | 6 | 39 | 73.52 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

1)വെളിച്ചിക്കാല കലുങ്ക് കൊട്ടുവിള റേഡിയോ കിയോസ്ക് റോഡ്(മെയിന്റനൻസ്)

2)ഐ.എസ്.ഒ സർട്ടിഫിക്കേഷൻ

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 11912 | 575873 | 594985 | 584123 | 10862 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 29004836 | 29004836 | 29004836 | |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 452280 | 484 |
| കർഷകതൊഴിലാളി പെൻഷൻ | 1963600 | 687 |
| വിധവാപെൻഷൻ | 18429400 | 6572 |
| വാർദ്ധക്യകാലപെൻഷൻ | 29869700 | 10607 |
| വികലാംഗപെൻഷൻ | 6067600 | 1938 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൽക്കുള്ള പെൻഷൻ | 311200 | 109 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 420000 | 14 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.01.2020 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 30,000/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവ്വചിക്കുകയും രേഖാമൂലം വിഭജിച്ച നൽകുകയും ചെയ്തിട്ടുണ്ട്.

1). ബജറ്റ് സംവിധാനത്തിലൂടെ വരവു ചെലവുകൾ അവലോകനം ചെയ്തു വരുന്നുണ്ട്.

2). അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി സമ്പ്രദായത്തിലാണ് വാർഷിക കണക്കുകൾ തയ്യാറാക്കിയിരിക്കുന്നത്.

3). വരവുകൾ യഥാസമയം ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകളിലേക്ക് ഒടുക്കുവരുത്തുന്നുണ്ട

4). സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് വരവുകൾ സ്വീകരിക്കുന്നത്. എന്നാൽ ഗുണഭോക്തൃവിഹിതം പിരിവ്, ഔട്ട് ഡോർ പിരിവ് എന്നിവയ്ക്കായി കൈകൊണ്ടെഴുതുന്ന രസീതുകളും ഉപയോഗിച്ചുവരുന്നു.

5). അനധികൃത നിർമ്മാണങ്ങളും കാലാകാലങ്ങളിൽ കെട്ടിടങ്ങളിൽ വരുത്തുന്ന ഘടനാപരമായ മാറ്റങ്ങളും വാർഡ് ചുമതലയുള്ള ഉദ്യോഗസ്ഥർ ഫീൽ ഡ് പരിശോധന നടത്തി കണ്ടെത്തി, നികുതി ഈടാക്കുന്നതിന് കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ നികുതി-നികുതിയേതര വരുമാന വർദ്ധനവിന് പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുകയും നിലവിലുള്ളവ പരമാവധി ഉപയോഗപ്പെടുത്തുകയും ചെയ്യേണ്ടതാണ്. വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങളുടെ ഫോം-6- "സഞ്ചയ" സോഫ്റ്റ് വെയറിൽ ൽ രേഖപ്പെടുത്തിയതിൽ തെറ്റുകൾ കടന്നുകൂടിയിട്ടുണ്ട്. ഉദാ:രാജകുമാരി സിൽക്സ് പ്രവർത്തിക്കുന്ന വാണിജ്യ കെട്ടിടത്തിന് പാർപ്പിട ആവശ്യത്തിനുള്ള നികുതിയാണ് ചുമത്തിയിട്ടുള്ളത്.

6). സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ സവിശേഷ നമ്പരുകൾ നല്കി ആസ്തിരജിസ്റ്ററിൽ ചേർത്ത് കാലികമാക്കുന്നില്ല.
7). ഡി.&ഒ.ലൈസൻസ് ഫീയുടെ കാര്യത്തിൽ വാർഡുതിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല..ഡി.&ഒ.ലൈസൻസ് ഫീയുടെ ഡി.സി.ബി. പത്രിക തയ്യാറാക്കിയിട്ടില്ല. വസ്തുനികുതിയുടെ ഡി.സി.ബി. പത്രിക തയ്യാറാക്കുന്നതിൽ കൃത്യതയില്ലായ്മ കണ്ടുവരുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.01.2020 | 12/2019 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11.09.2018-19.09.2018 | 2013-14 മുതൽ 2017-18 വരെ | 07.11.18 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

1. തൻവർഷം വരെ ആകെ സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ ആകെ മൂല്യം 4,59,18,522/-രൂപയാണ്. (ബി.11 + ബി.11(എ)). എന്നാൽ, ക്യാപിറ്റൽ കോൺട്രിബ്യൂഷൻ ഇനത്തിൽ കാണിച്ചിരിക്കുന്നത് 4,11,38,622/-രൂപയാണ്. (ബി.3). വ്യത്യാസം 47,79,900/-രൂപയുടെ മെയിന്റനൻസ് ഗ്രാന്റ് /തനത് ഫണ്ട് ഉപയോഗിച്ച് സൃഷ്ടിക്കപ്പെട്ട ആസ്തിയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

2. ബി.4- ഷെഡ്യൂൾ പ്രകാരം സാക്ഷരത ഗ്രാന്റ് ഇനത്തിൽ നീക്കിയിരിപ്പായി 66,929/-രൂപ ഉണ്ട്. എന്നാൽ, ബി.17-ൽ സാക്ഷരത അക്കൗണ്ടിൽ കാണിച്ചിരിക്കുന്നത് 28,885/-രൂപ ആണ്.

3. ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം വാടക ഡെപ്പോസിറ്റ് ഇനത്തിൽ തൻവർഷം ലഭിച്ച 4,50,000/-രൂപ തൻവർഷം തന്നെ തിരികെ നൽകിയെങ്കിലും ഇത് ബന്ധപ്പെട്ട ഷെഡ്യൂൾ RP -34-ൽ ഉൾപ്പെടുത്തിയിട്ടില്ല.

4. ബി.7 പ്രകാരം വിവിധ നിക്ഷേപങ്ങളുടെ ഇനത്തിൽ കാണിച്ചിട്ടുള്ള 15,53,131/-രൂപയുടെ വർഷം തിരിച്ചിട്ടുള്ള വിവരം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ കാലഹരണപ്പെട്ട നിക്ഷേപങ്ങൾ കണ്ടെത്താൻ കഴിയുന്നില്ല. 1994-95 മുതൽ ലഭിച്ച നിക്ഷേപങ്ങൾ പ്രസ്തുത തുകയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

5. ബാലൻസ് ഷീറ്റിൽ ലൈബ്രറി സെസ്സ് ഇനത്തിൽ മുൻവർഷം നീക്കിയിരിപ്പായ 3,43,991.45/-രൂപയും തൻവർഷം വരവായ 297256/-രൂപയും ചേർത്ത് ആകെ 641247.45/-രൂപയിൽ തൻവർഷം തിരിച്ചടച്ച 338574/-രൂപ കഴിച്ച് 302673.45/-രൂപയാണ് ഒടുക്കാൻ അവശേഷിക്കുന്നത്. എന്നാൽ ബി9-ഷെഡ്യൂൾ -ൽ കാണിച്ചിട്ടുള്ളത് 297219.45/-രൂപയാണ്. വ്യത്യാസം 5,454/-രൂപ.

6. I & E Statement- ൽ I-17(a) പ്രകാരം Depreciation of fixed assets ഇനത്തിൽ കാണിച്ചിട്ടുള്ള 11,29,973/-രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

7. Fixed Deposit ഇനത്തിൽ ബാലൻസ് ഷീറ്റ് പ്രകാരം 3,000/-രൂപ കാണിച്ചിരിക്കുന്നു. ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

8. ബി-18- Advance to others ഇനത്തിൽ 7,26,953/-രൂപയാണ് കാണിച്ചിരിക്കുന്നത്. ടി തുകയിൽ 231425/-രൂപ മുൻവർഷങ്ങളിൽ നൽകിയതും MGNREGS നിന്നും നാളിതുവരെ recoup ചെയ്യാതെ ബാക്കി നിൽക്കുന്നതുമാണ്.

9) Electrical സാധനങ്ങൾ ഉൾപ്പെടെയുള്ളവയുടെ സ്റ്റോക്ക് രജിസ്റ്റർ, value based ആയി എഴുതി സൂക്ഷിക്കുന്നില്ല.

10) സഞ്ചയ പ്രകാരമുള്ള കെട്ടിട നികുതിയുടെ ഡി.സി.ബി, വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

11) സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിനിയോഗം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

# 1-12 വസ്തുനികുതിയിൽ ബാധമായ വർദ്ധനവ് ഈടാക്കിയിട്ടില്ല

ആദിച്ചനല്ലൂർ ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള വിവധ കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണ്ണയിച്ചതിന്റെ ഫോം 6 പരിശോധിച്ചതിൽ അടിസ്ഥാന വസ്തുനികുതിയിന്മേലുള്ള വർദ്ധനവ് ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര്, മേൽവിലാസം | അടിസ്ഥാന വസ്തുനികുതി | ഈടാക്കേണ്ടിയിരുന്ന വർദ്ധനവ് (10%) | റിമാർക്സ് |
|---|---|---|---|---|---|
| 1 | 15/75 | രാമചന്ദ്രൻപിള്ള (രാജകുമാരി ഗോൾഡ് സൂക്ക്) പുത്തൻവിള വീട് കൊട്ടിയം | 1650 | 165 | എയർ കണ്ടീഷനിംഗ് 2014 ആദ്യ പകുതി മുതൽ |
| 2 | 15/996 | സഫീർ (വനിത ജുവലറി) ബാബു വിലാസ് വർക്കല | 7680 | 768 | എയർ കണ്ടീഷനിംഗ് 2019 ആദ്യ പകുതി മുതൽ |
| 3 | 15/16 | സിറാജുദ്ദീൻ (റിലയൻസ് ഫ്രഷ്) | 750 | 75 | എയർ കണ്ടീഷനിംഗ് 2013 ആദ്യ പകുതി മുതൽ |

| | | | | | |
|---|---|---|---|---|---|
| | | ആഷിക് മൻസിൽ ഉമയനല്ലൂർ | | | |
| 4 | 15/17 | സിറാജുദ്ദീൻ (റിലയൻസ് ഫ്രഷ്) ആഷിക് മൻസിൽ ഉമയനല്ലൂർ | 750 | 75 | എയർ കണ്ടീഷനിംഗ് 2013 ആദ്യ പകുതി മുതൽ |
| 5 | 15/18 | സിറാജുദ്ദീൻ (റിലയൻസ് ഫ്രഷ്) ആഷിക് മൻസിൽ ഉമയനല്ലൂർ | 750 | 75 | എയർ കണ്ടീഷനിംഗ് 2013 ആദ്യ പകുതി മുതൽ |
| 6 | 15/19 | സിറാജുദ്ദീൻ (റിലയൻസ് ഫ്രഷ്) ആഷിക് മൻസിൽ ഉമയനല്ലൂർ | 2700 | 270 | എയർ കണ്ടീഷനിംഗ് 2013 ആദ്യ പകുതി മുതൽ |
| | | | | 540 | വഴി സൌകര്യം 2013 ആദ്യ പകുതി മുതൽ |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ വസ്തു നികുതി നിർണ്ണയിച്ചപ്പോൾ പ്രസ്തുത കെട്ടിടങ്ങളിൽ എയർ കണ്ടീഷനിംഗ് സംവിധാനം ഇല്ലായിരുന്നുവെന്നും അടിസ്ഥാന വസ്തുനികുതിയിൽ ബാധമായ വർദ്ധനവ് ഈടാക്കുന്നതാണെന്ന് അറിയിച്ചു.

അടിസ്ഥാന വസ്തുനികുതിയിൽ ബാധമായ വർദ്ധനവ് ഈടാക്കി രേഖകൾ സഹിതം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഓഡിറ്റന്വേഷണം നം. 5/29.01.20

## 1-13 മെഡിക്കൽ ഓഫീസർ, ആയുർവേദം - മരുന്നുകൾ ലഭ്യമായിട്ടില്ല

പ്രോജക്ട് നം-23/18-19
അടങ്കൾ തുക – 500000/-
ചെലവ് – 500000/-

ബിൽ നം-4/18-19, തുക-500000/- തീയതി-16/3/19

2018-19 വർഷം മെഡിക്കൽ ഓഫീസർ ആയുർവേദം നിർവഹണം നടത്തിയ പ്രോജക്ടുകളിൽ ഒന്നാണ് വൃദ്ധജനങ്ങൾക്ക് രോഗചികിത്സക്ക് മരുന്നുവാങ്ങൽ. ഔഷധിക്ക് യു.റ്റി.ആർ നം-U000000681706102 പ്രകാരം

500000/-രൂപയുടെ മരുന്ന് ലഭ്യമാക്കുന്നതിന് തുക കൈമാറിയിട്ടുണ്ട്.

എന്നാൽ നാളിതുവരെ 396318/-

രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായത്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | പ്രൊഫോർമ ഇൻവോയ്സ് നം | ലഭ്യമായ മരുന്നുകളുടെ വിലവിവരം | തീയതി |
|---|---|---|---|
| 1 | 90125459 | 15467/- | 31/7/19 |
| 2 | 90129605 | 249547/- | 31/8/19 |
| 3 | 90132455 | 68046/- | 29/9/19 |
| 4 | 90137172 | 32226/- | 31/10/19 |
| 5 | 90136476 | 28534/- | 30/10/19 |
| 6 | 90141026 | 2498/- | 29/11/19 |

103682/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം-10.

## 1-14 മെഡിക്കൽ ഓഫീസർ, പി.എച്ച്.സി - മരുന്നുകളും, ഉപകരണങ്ങളും ലഭ്യമായിട്ടില്ല

2018-19 വർഷത്തിൽ മെഡിക്കൽ ഓഫീസർ പി.എച്ച്.സി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകളിൽമരുന്നുകൾ, ഉപകരണങ്ങൾ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

1). ജീവിതശൈലി രോഗത്തിനുള്ള മരുന്നു വാങ്ങൽ

പ്രോജക്ട് നം-3/19

അടങ്കൽ തുക-500000/-

ചിലവ് തുക-500000/-

ബിൽ നം-8/18-19 തുക-500000/- തീയതി-28/11/18

കാരുണ്യ മെഡിസിൻ നൽകിയ ഇൻവോയ്സ് പ്രകാരം ലഭ്യമായ മരുന്നുകളുടെ വിശദാംശം താഴെപ്പറയുന്നു

| ക്രമ നം | പ്രൊഫോർമ ഇൻവോയ്സ് നം | ലഭ്യമായ മരുന്നുകളുടെ വിലവിവരം | തീയതി |
|---|---|---|---|
| 1 | 4001 | 29598/- | 28/2/19 |
| 2 | 2616 | 183044/- | 6/3/19 |
| 3 | 40483 | 65612/- | 15/3/19 |
| 4 | 85 | 24405/- | 8/4/19 |
| 5 | 886 | 8204/- | 28/9/19 |
| 6 | 6434 | 22639/- | 28/9/19 |
| 7 | 1030 | 47203/- | 1/11/19 |
| 8 | 7383 | 9274/- | 1/11/19 |
| 9 | 1031 | 6658/- | 1/11/19 |
| 10 | 9481 | 35706 | 1/1/20 |

ആകെ 432343/-രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ട്.

67657/-രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

എൻക്വയറി നം-9

2). പി.എച്ച്.സിക്ക് മരുന്നുവാങ്ങൽ

പ്രോജക്ട് നം-2/18-19

അടങ്കൽ തുക-700000/-

ചിലവഴിച്ചതുക-700000/-

ബിൽനം-4/18-19 തീയതി-19/9/18

19/9/18ൽ രസീത് വൗച്ചർ നം-1666പ്രകാരം 700000/- രൂപ മെഡിക്കൽ സർവീസ് കോർപ്പറേഷന് നൽകി. ലഭ്യമായ മരുന്നിന്റെ വിശദാംശങ്ങൾ താഴെപ്പറയുന്ന

| ക്രമ നം | പ്രൊഫോർമ ഇൻവോയ്സ് നം | ലഭ്യമായ മരുന്നുകളുടെ<br>വില വിവരം | തീയതി |
|---|---|---|---|
| 1 | 315 | 142789/- | 9/4/18 |
| 2 | 1206 | 49060/- | 29/10/18 |
| 3 | 11149 | 71566/- | 25/10/18 |
| 4 | 11333 | 106191/- | 27/10/18 |
| 5 | 11149 | 71566/- | 25/10/18 |

ആകെ 441172/-രൂപയുടെ മരുന്നുകളാണ് ലഭ്യമായത്. 258828/-രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിനു വേണ്ടി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല

എൻക്വയറി നം-9

3). പാലിയേറ്റീവ് പരിചരണം -മരുന്നുകൾ ലഭ്യമായിട്ടില്ല

പ്രോജക്ട് നം-1/18-19

ബിൽ നം-11/18-19 തുക-350000/- തീയതി-5/2/19

മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ പാലിയേറ്റീവ് കെയർ പദ്ധതിക്കായി മരുന്നുവാങ്ങൽ പദ്ധതിയിൽ 25/1/19ൽ 350000/-രൂപ മെഡിക്കൽ സർവീസ് കോർപ്പറേഷന് നൽകി. എന്നാൽ നാളിതുവരെയായി മരുന്നുകൾ ലഭ്യമായിട്ടില്ല. തുക നൽകി ഏകദേശം ഒരുവർഷം പിന്നിട്ടശേഷവും പാലിയേറ്റീവ് കെയർ രോഗികൾക്കായുള്ള അവശ്യമരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിന് വേണ്ടി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല

എൻക്വയറി നം-9

4). വീൽചെയർ ലഭ്യമായിട്ടില്ല

2018-19 വർഷം മെഡിക്കൽ ഓഫീസർ നിർവഹണഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയായ പാലിയേറ്റീവിനു വേണ്ടി ഉപകരണങ്ങൾ വാങ്ങിക്കൽ എന്നപദ്ധതിയിൽ 13/11/18ൽ ഇൻവോയ്സ് നം-പി.ആർ.എഫ്.2329 പ്രകാരം 100000/-രൂപയുടെ ഉപകരണങ്ങളുടെ വിവരങ്ങൾ കാണിച്ചിട്ടുണ്ട്.പ്രൊഫോർമ ഇൻവോയ്സിൽ 5വീൽചെയറിന്റെ വിവരങ്ങൾ കാണിച്ചെങ്കിലും 4എണ്ണം മാത്രമേ ലഭ്യമായിട്ടുള്ളു. വീൽചെയർ ലഭ്യമാകുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.
മേൽ പ്രൊജക്ടുകൾ പ്രകാരം ലഭിക്കാനുള്ള മരുന്നുകളും, മെഡിക്കൽ ഉപകരണങ്ങളും ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

എൻക്വയറി നം-9

## 1-15 മഴക്കാല പൂർവ ശുചീകരണം-നടപടി പ്രവർത്തനങ്ങൾ തൃപ്തികരമല്ല

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടത്തിയ മഴക്കാലപൂർവശുചീകരണം എന്ന പ്രോജ്കടിൽ ആദിച്ചനല്ലൂർ പഞ്ചായത്തിലെ 20വാർഡുകളിലേക്കായി 10000/-രൂപ വീതം ശുചിത്വമിഷൻ ഫണ്ട് മെഡിക്കൽ ഓഫീസറുടെ അക്കൗണ്ടിലേയ്ക്ക് അനുവദിച്ചിട്ടുള്ളതാണ്. (Voucher No.21800195/29.05.18). എന്നാൽ പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വൗച്ചറുകൾ പരിശോധിച്ചതിൽ വാർഡുകളിൽ നടത്തിയ പ്രവർത്തനങ്ങൾ തൃപ്തികരമല്ല. വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

1). വാർഡ്-9

കൂൾമേറ്റ് എന്ന സ്ഥാപനത്തിന് മെറ്റൽ ബോർഡ് സ്ഥാപിക്കുന്നതിനായി 3400/-രൂപ നൽകിയിട്ടുണ്ട്. എന്നാൽ സ്ഥാപനം പണം കൈപ്പറ്റിയതിന്റെ രസീത് ഇല്ല. 3400/-രൂപ തടസ്സപ്പെടുത്തുന്നു

2). വാർഡ് -7, വാർഡ്-11

10000/-രൂപ വീതം ചിലവഴിച്ചതിന്റെ വൗച്ചറുകൾ ഒന്നും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. 20000/-രൂപ (10000x2) തടസ്സപെടുത്തുന്നു. ചിലവ് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

3). വാർഡ്-15

ജെ.സി.ബി ഉപയോഗിച്ച് മാലിന്യസംസ്കരണം നടത്തിയിട്ടുണ്ട്.ചെലവ് രേഖപ്രകാരം ജെ.സി.ബിയുടെ റണ്ണിംഗ് ടൈം-9a.m -1.30 p.m.ആകെ 41/2മണിക്കൂർ റണ്ണിംഗ് ടൈം കാണിച്ച ജെ.സി.ബിക്ക് 6മണിക്കൂർ ഓടിച്ചതിന്റെ പ്രതിഫലം നൽകി. ഒരുമണിക്കൂർ ഓടിച്ചതിന് 800രൂപയാണ് പ്രതിഫലം നൽകിയത്. 6*800=4800/- രൂപ. ആയതിനാൽ അധികം നൽകിയ 1200/-രൂപ നിരാകരിക്കുന്നു.

മിക്കവാർഡിലും ഉറവിട നശീകരണം, ക്ലോറിനേഷൻ നടത്തുന്നതിലേക്കായി 250 വീതം ഫോമുകൾ പ്രിന്റ് ചെയ്തിട്ടുണ്ട്. എന്നാൽ 5 ഫോമുകളിലധികം ഉപയോഗിച്ചതായി കാണുന്നില്ല. വരും വർഷങ്ങളിൽ ഫോമുകളുടെ സ്റ്റോക്ക് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മാത്രം ഫോമുകൾ പ്രിന്റ് ചെയ്യേണ്ടതാണ്. മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനങ്ങളിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതും ഹാജരാക്കുന്ന രേഖകൾ കുറ്റമറ്റതായിരിക്കാൻ മെഡിക്കൽ ഓഫീസർ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം. 17/1.2.2020

തടസ്സപ്പെടുത്തിയ തുക – 23400/- രൂപ

നിരാകരിച്ച തുക – 1200/- രൂപ

## 1-16 രോഗപ്രതിരോധപ്രവർത്തനങ്ങൾക്കു വേണ്ടി വാഹനം വാടകയ്ക് എടുത്തത് ക്വട്ടേഷൻ വിളിക്കാതെ

തനതുഫണ്ട് –

അടങ്കൽ തുക – 32400/-

ചെലവഴിച്ച തുക – 32400/-

പ്രൊജക്റ്റ് നം. – 4/18-19

ചെക്ക് നം. – 1722040 / 17.10.2018

തുക – 13500/-

ചെക്ക് നം. – 5319229 / 13.3.2019

തുക – 13500/-

ചെക്ക് നം. – 5319239 / 27.3.2019

തുക – 5400/-

2018-19 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ പദ്ധതികളിൽ ഒന്നാണ് രോഗപ്രതിരോധപ്രവർത്തനങ്ങൾക്കുള്ള വണ്ടിവാടക. ശ്യംജിത്ത് എന്നവ്യക്തിക്ക് പദ്ധതി പ്രവർത്തനങ്ങൾക്കായി വണ്ടി ഓടിയ ഇനത്തിൽ പ്രതിദിനം 900/-രൂപ വീതം 36 ദിവസത്തേക്ക് വാടക നൽകിയിട്ടുണ്ട്. എന്നാൽ പദ്ധതി

പ്രവർത്തനങ്ങൾക്കായി വണ്ടി വാടകക്ക് എടുക്കുന്നതിന് ക്വട്ടേഷൻ സ്വീകരിച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. പ്രസ്തുത വിശദാംശങ്ങൾ ആരാഞ്ഞ് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ പദ്ധതി പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുക 32400/-രൂപ തടസ്സത്തിൽ വക്കുന്നു.

ഓഡിറ്റ് എൻക്വയറി നം-13

# 1-17 ലൈഫ് ഭവനപദ്ധതി-ആദ്യഗഡു വാങ്ങിയ വ്യക്തി ഭവന നിർമ്മാണം തുടങ്ങിയിട്ടില്ല

പ്രോജക്ട് നം – 27/19

അടങ്കൽതുക – 30000000/-

ചെലവ് - 14596000/-

ബിൽ നം - 1/18-19 തുക – 320000/- തീ.27/6/18

„ 2/18-19 തുക – 440000/- തീ-30/6/18

„ 3/18-19 തുക - 640000/- തീ-19/7/18

„ 4/18-19 തുക – 280000/- തീ-1/8/18

„ 5/18-19 തുക – 40000/- തീ-10/8/18

„ 6/18-19 തുക – 200000/- തീ-11/10/18

„ 7/18-19 തുക – 1120000/- തീ-26/10/18

ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിലെ ലൈഫ് വീട് ജനറൽ പദ്ധതിയിൽ ഉൾപ്പെട്ട വാർഡ് 5ലെ ഗുണഭോക്താവായ ബീന അൻസാരി കോണത്ത് തെക്കതിൽ എന്നവ്യക്തിക്ക് 27/7/18ൽ എഗ്രിമെന്റ് വക്കുകയും 40000/-രൂപ ആദ്യഗഡു നൽകുകയും ചെയ്തു. വി.ഇ.ഒയുടെ കത്ത് നം veo/adnr/life 005 തീയതി 30/9/19 പ്രകാരം ആദ്യഗഡു വാങ്ങിയതിനു ശേഷം അടിസ്ഥാന നിർമ്മാണം പോലും പൂർത്തിയാക്കിയിട്ടില്ല എന്നും എത്രയും വേഗം പണിപൂർത്തീകരിക്കണമെന്നും കാണിച്ച് കത്ത് നൽകിയിട്ടുണ്ട്. പ്രസ്തുത വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയിൽ ഫെബ്രുവരി 10നകം പണി ആരംഭിക്കാത്ത പക്ഷം ടിയാൾക്കെതിരെ ആർ.ആർ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. പണി ആരംഭിക്കാത്ത പക്ഷം ആർ.ആർ നടപടികളിലൂടെ തുക തിരികെ ഈടാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം – 4/29.1.2020

# 1-18 സ്ഥാപന തൊഴിൽ നികുതി അടവാക്കുന്നില്ല.

കേരള പഞ്ചായത്തീരാജ് തൊഴിൽ നികുതി ചട്ടങ്ങൾ , ചട്ടം 3(4) പ്രകാരം ബാങ്കിംഗ് സ്ഥാപനങ്ങളിൽ നിന്നും അവയുടെ ശാഖകളിൽ നിന്നും പഞ്ചായത്ത് പ്രദേശത്ത് ബാങ്കിംഗ് ബിസിനസ് നടത്തുന്നതിന് സ്ഥാപന തൊഴിൽ നികുതി ഈടാക്കാവുന്നതാണ്. എന്നാൽ ചുവടെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങളിലെ സ്ഥാപന തൊഴിൽ നികുതി നാളിതുവരെ ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്യുന്നതായി കാണുന്നില്ല. ഇതു സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറി-6 നുള്ള മറുപടിയിൽ ആയത് ഈടാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. സ്ഥാപന തൊഴിൽ നികുതി, സ്ഥാപനത്തിന് ബാധകമായകാലം മുതൽ അടവാക്കേണ്ടതാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് | 2016-17 | 2017-18 | 2018-19 |
|---|---|---|---|---|
| 1 | ആദിച്ചനെല്ലൂർ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക്, കൈതകുഴി ശാഖ | 2500 | 2500 | 2500 |
| 2 | ആദിച്ചനെല്ലൂർ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക്, മൈലക്കാട് ശാഖ | 2500 | 2500 | 2500 |

| | | | | |
|---|---|---|---|---|
| 3 | ആദിച്ചനെല്ലൂർ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക്, കൊട്ടിയം ശാഖ | 2500 | 2500 | 2500 |
| | | 7500 | 7500 | 7500 |
| | | | ആകെ | 22500 |

തൊഴിൽ നികുതി ഇനത്തിൽ അടവാക്കാനുള്ള 22500/- രൂപ പിഴ സഹിതം സ്ഥാപനങ്ങളിൽ നിന്നും ഈടാക്കാത്ത പക്ഷം സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-19 ട്രേഡേഴ്സ് ലിസ്റ്റ് കൃത്യമാക്കി സൂക്ഷിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിലെ ഓരോ വാർഡിലും പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങളുടെയും മറ്റു സ്ഥാപനങ്ങളുടെയും വിവരങ്ങൾ ഉൾപ്പെടുത്തിയ 'ട്രേഡേഴ്സ് ലിസ്റ്റ്' തയാറാക്കി സൂക്ഷിക്കേണ്ടതാണ്. നിലവിൽ സൂക്ഷിക്കുന്ന ലിസ്റ്റിൽ ലൈസൻസ് എടുക്കാൻ അപേക്ഷ നൽകുന്ന സ്ഥാപനങ്ങളുടെ വിവരം മാത്രമാണുള്ളത്. പഞ്ചായത്ത് പ്രദേശത്ത് അരനൂറ്റാണ്ടിലധികമായി പ്രവർത്തിക്കുന്ന ആദിച്ചനല്ലൂർ ഫാർമേഴ്സ് സർവ്വീസ് സഹകരണബാങ്കിൽ നിന്നു പോലും തൊഴിൽ നികുതി ഈടാക്കാത്ത സാഹചര്യം നിലനിൽക്കുന്നതിനാൽ വാർഡ് മെമ്പർമാരുടെയും ഫീൽഡ്സ്റ്റാഫുകളുടെയും കുടുംബശ്രീ പ്രവർത്തകരുടെയുമൊക്കെ സഹകരണത്തോടെ നിലവിലുള്ള സ്ഥാപനങ്ങളുടെ കൃത്യമായ 'ട്രേഡേഴ്സ് ലിസ്റ്റ്' തയ്യാറാക്കേണ്ടതും പുതിയതായി തുടങ്ങുന്നവയുടെ വിവരങ്ങൾ അപ്പപ്പോൾ തന്നെ ഉൾപ്പെടുത്തി ആയത് കാലികമാക്കേണ്ടതുമാണ്.

## 1-20 റേറ്റ് കോൺട്രാക്ടിൽ ഇല്ലാത്ത ഇനം ടെൻഡർ നടപടി കൂടാതെ വാങ്ങി

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ 'കൗൺസിൽ ഹാളിലേക്ക് ഫർണിച്ചർ പദ്ധതി പ്രകാരം (നം.182/19) വികസന ഫണ്ടിൽ നിന്നും 126319/- രൂപ ചെലവഴിച്ച് 25 കസേരകൾ സിഡ്കോയിൽ നിന്നും വാങ്ങിയിട്ടുണ്ട്. വാങ്ങിയ കസേരകളുടെ സ്പെസിഫിക്കേഷൻ ചുവടെ ചേർക്കുന്നു.

Steel Visitors Chair (cushioned seat & Black) S Type Branded.

എന്നാൽ 'സിഡ്കോ' എന്ന സ്ഥാപനത്തിന് റേറ്റ് കോൺട്രാക്ട് അനുവദിച്ചിട്ടുള്ള സർക്കാർ ഉത്തരവ് (ആർ.ടി.) 33/17 എസ്.പി.ഡി. തീയതി 17- 6-17 ൽ ഈ ഇനം ഉൾപ്പെടുന്നില്ല. സ.ഉ.(സാ.ധാ)24/2018 എസ്.പി.ഡി,തീയതി-28.6.2018 പ്രകാരം ഈ ഉത്തരവ് 2018-19 വർഷത്തേക്ക് ബാധകമാക്കിയിട്ടുണ്ട്. റേറ്റ് കോൺട്രാക്ടിൽ ഉൾപ്പെടാത്ത ഇനങ്ങൾ സാധാരണ സ്റ്റോർ പർചേസ് നടപടിക്രമങ്ങളിലൂടെ മാത്രമേ വാങ്ങാവൂ എന്ന് പ്രസ്തുത ഉത്തരവിൽ സൂചിപ്പിച്ചിട്ടുണ്ട്.
റേറ്റ് കോൺട്രാക്ടിൽ ഇല്ലാത്ത ഇനം ടെൻഡർ നടപടികൾ കൂടാതെ നേരിട്ട് വാങ്ങിയതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി-11 നുള്ള മറുപടിയിൽ റേറ്റ് കോൺട്രാക്ടിൽ ഇല്ലാത്ത വിവരം ശ്രദ്ധയിൽപ്പെട്ടില്ല എന്നാണ് സൂചിപ്പിച്ചിട്ടുള്ളത്. റേറ്റ് കോൺട്രാക്ടിൽ ഇല്ലാത്ത ഇനം ടെൻഡർ നടപടി കൂടാതെ വാങ്ങിയത് ക്രമമല്ല. ഭാവിയിൽ ഇത്തരം വാങ്ങലുകൾ ഒഴിവാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 11/31.1.2020.

## 1-21 സബ്സിഡി തുക തിരികെ വാങ്ങേണ്ടതാണ്

കന്നുകുട്ടി പരിപാലന പദ്ധതി (നം: 29/19) പ്രകാരം ഒരു കിടാരിക്ക് 12500/- രൂപ നിരക്കിൽ 24 കിടാരിക്ക് 3,00,000/- രൂപ [ബിൽനം: 6/18 - 19 തീ 26-3 - 19] കാലിത്തീറ്റയ്ക്കുള്ള സബ്സിഡി ഇനത്തിൽ അസിസ്റ്റന്റ് ഡയറക്ടർ നൽകിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന 4 ഗുണഭോക്താക്കൾ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നെങ്കിലും നാളിതുവരെ കാലിത്തീറ്റ വാങ്ങിയില്ലെന്ന് ആദിച്ചനെല്ലൂർ ക്ഷീരസഹകരണ സംഘത്തിലുള്ള ഫീഡിംഗ് രജിസ്റ്ററിൽ നിന്നും വ്യക്തമാണ്. ഗുണഭോക്താക്കളുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

1. രാജു, വടവോട്ട് വീട്, മൈലക്കാട്

2.ഉമ്മാൾ മുനീന, ഒലിപ്പവിള വീട്, മൈലക്കാട്
3. റീജ, തട്ടാൻ്റഴികം, മൈലക്കാട്
4.നൗഷാദ്, തെക്കു വിള, മൈലക്കാട്
സബ്സിഡി തുക തിരികെ ഈടാക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി 10 നുള്ള മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. കാലിത്തീറ്റ വാങ്ങാത്ത ഗുണഭോക്താക്കൾക്ക് അനുവദിച്ച സബ്സിഡി 50000/- രൂപ [4 x 12500] അസിസ്റ്റന്റ് ഡയക്ടർ, കാഫ് ഫീഡ്, കൊട്ടിയത്തിൽ നിന്നും ഈടാക്കാൻ നടപടികൾ എടുക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി 10/31.1.2020

# 1-22 നാഷണൽ ഹൈവേ 66 അക്വയർ ചെയ്ത സ്ഥലത്ത് പദ്ധതിപ്പണം വിനിയോഗിച്ച് കെട്ടിടത്തിന്റ മെയിന്റനൻസ് നടത്തി

പ്രോജക്ട് നം. : 166/19( സ്പിൽ ഓവർ)

നിർവ്വഹണോദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

എസ്റ്റിമേറ്റ് : 50000/- രൂപ

ഫണ്ടിനം : മെയിന്റനൻസ് ഫണ്ട്-നോൺ റോഡ്

ചെലവ് : 35511/- രൂപ

ബിൽ നം. : 9/11.01.18:35511

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി ചെയ്ത കൊട്ടിയം പബ്ലിക് ലൈബ്രറി കെട്ടിടം മെയിന്റനൻസ് എന്ന പ്രോജക്ട് പ്രകാരം നിലവിലുള്ള കെട്ടിടത്തിലേയ്ക്ക് മലിനജലം കയറുന്നത് തടയുന്നതിനായി പാർശ്വഭിത്തി നിർമ്മാണവും, ഇന്റർലോക്ക് എന്നിവയ്ക്കായി മെയിന്റനൻസ് ഫണ്ടിൽനിന്നും തൻവർഷം35511/- രൂപ ചെലവഴിച്ചിട്ടുണ്ട്. നിലവിൽ നാഷണൽ ഹൈവേ 66 അക്വയർ ചെയ്ത സ്ഥലത്താണ് കെട്ടിടം സ്ഥിതി ചെയ്യുന്നത്. കെട്ടിടം മെയിന്റനൻസ് നടത്തിയ വർഷത്തിൽ (17-18) സ്ഥലമേറ്റടുക്കലിന്റെ ഭാഗമായി നാഷണൽ ഹൈവേ പ്രസിദ്ധീകരിച്ച 3A നോട്ടിഫിക്കേഷനിൽ കെട്ടിടം ഉൾപ്പെട്ടിട്ടുണ്ടോ ഇല്ലയോ എന്ന് എഞ്ചിനീയരുടെ മറുപടിയിൽ നിന്നും ബോധ്യപ്പെടാൻ കഴിഞ്ഞിട്ടില്ല. എഞ്ചിനീയർ ഇത്തരം കാര്യങ്ങൾ ബോധ്യപ്പെടാതെയാണ് പ്രവൃത്തികൾ ചെയ്തിരിക്കുന്നത്. ആയതിനാൽ 3A നോട്ടിഫിക്കേഷനിൽ ഉൾപ്പെട്ടിട്ടുണ്ടോ ഇല്ലയോ എന്ന ആധികാരിക രേഖ ഹാജരാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നതു വരെ ചെലവഴിച്ച രൂപ തടസ്സത്തിൽ വെയ്ക്കുന്നു.
ഓഡിറ്റ് എൻക്വയറി നം. 22/01.02.2020

തടസ്സത്തിൽ വെയ്ക്കുന്ന തുക: 35511/-രൂപ

# 1-23 ബാരലിന്റെ വില കരാറുകാരനിൽ നിന്നും ഈടാക്കിയില്ല

